കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കുന്നുകര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.11)1580/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :15.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കുന്നുകര ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.11)1580/2019 തീയതി : 15.11.2019

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ്.കെ.കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 16.08.2019 മുതൽ<br>31.08.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| **പേര്** | **ഉദ്യോഗപ്പേര്** |
| ശ്രീമതി. കവിതാദേവി. വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ പ്രസാദ് പി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സന്തോഷ്കുമാർ.എം | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ഫ്രാൻസീസ് തറയിൽ | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ എ.വി.ഷാജി | 01.04.2018 | 26.6.2018 |
| | ശ്രീ ജെയിൻ വർഗ്ഗീസ് പാത്താടൻ | 27.6.2018 | 28.3.2019 |
| | ശ്രീ സുനിൽ പി.എസ്( ഇൻ ചാർജ്ജ്) | 29.3.2019 | 31.3.2019 |
| അസിസ്റ്റന്റ് സെക്രട്ടറി (21.6.2018 to 30.7.2018 ഒഴിവ്) | ശ്രീമതി രശ്മിമോൾ പി.ആർ | 1.4.2018 | 20.6.2018 |
| | ശ്രീ സുനിൽ പി.എസ് | 31.7.2018 | 31.3.2019 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ഒ.പി.മനോജ് | 01.04.2018 | 31.08.2018 |
| | ഡോ. കൃഷ്ണകുമാർ | 01.09.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷെയ്ക്ക് അൻവർ.കെ.എസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മുഹമ്മദ് ഷഫീക്ക് | 01.04.2018 | 31.03.2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ഷഹന | 01.04.2018 | 20.01.2019 |
| | ശ്രീമതി.സൂസൻ പോൾ വിതയത്തിൽ | 21.01.2019 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി.സൗമ്യ പോൾ | 01.04.2018 | 20.08.2018 |
| | ശ്രീമതി. സൗമ്യ സണ്ണി | 21.08.2018 | 03.01.2019 |
| | ശ്രീമതി. അമൃത.കെ | 04.01.2019 | 06.03.2019 |
| | ശ്രീമതി. ലക്ഷ്മിശ്രീ. സി.എസ് | 07.03.2019 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ (25.01.19 മുതൽ 04.02.19 വരെ ഒഴിവ്) | ശ്രീ. ഐവിൻ ഗോഡ്‌വിൻ ഡിസിൽവ | 01.04.2018 | 20.08.2018 |
| | ശ്രീമതി.ഗേളി മേരി ജോർജ്ജ് | 21.08.2018 | 24.01.2019 |
| | ശ്രീമതി. ഷിജി. ജോസ് | 05.02.2019 | 07.03.2019 |
| | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| | ശ്രീ. എബി വർഗീസ് | 08.03.2019 | 31.03.2019 |
| വെറ്ററിനറി സർജ്ജൻ | ഡോ.ജിൻസ ജോർജ്ജ് | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സജീവ് കുമാർ സി.ആർ | 01.04.2018 | 30.07.2018 |
| | ശ്രീമതി. സിനിമോൾ എൽ | 31.07.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുന്നുകര) | ശ്രീ വിമൽരാജ് | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആറ്റുപുറം) | ശ്രീ രാജേന്ദ്രൻ ഒ.ബി | 01.04.2018 | 31.03.2019 |
| ഹെഡ്മാസ്റ്റർ | ശ്രീമതി സി ജയശ്രീ | 01.04.2018 | 24.06.2018 |
| | ശ്രീമതി .എം. എസ് വനജ | 25.06.2018 | 31.03.2019 |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | വസ്തു നികുതി-അപാകത | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി-അപാകതകൾ | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി-അപാകതകൾ | 1-15 |
| 16 | ലൈസൻസ് ഫീ-അപാകതകൾ | 1-16 |
| 17 | ലൈസൻസ് ഫീ-മൂലധനനിക്ഷേപം കണക്കാക്കുന്നത് സംബന്ധിച്ച്. | 1-17 |
| 18 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ | 1-18 |

| | | |
|---|---|---|
| | അപാകതകൾ | |
| 19 | അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-19 |
| 20 | മരുന്ന് മുഴുവനും ലഭിച്ചില്ല | 1-20 |
| 21 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകത | 1-21 |
| 22 | ഡയറി എക്സ്റ്റൺഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകത | 1-22 |
| 23 | വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന | 1-23 |
| 24 | സാക്ഷരതാ മിഷന് കൈമാറിയ തുക- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-24 |
| 25 | വികലാംഗർക്ക് ഉപകരണ വിതരണം-പദ്ധതി അപാകതകൾ | 1-25 |
| 26 | ചൈതന്യ മഹിളാ സമാജം കെട്ടിടം പുതുക്കി പണിയലും ചുറ്റുമതിൽ നിർമ്മാണവും- പദ്ധതി അപാകതകൾ | 1-26 |
| 27 | കുരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കണം | 1-27 |
| 28 | മരാമത്ത് പദ്ധതികളിലെ അപാകതകൾ | 1-28 |
| 29 | റർബൻ മിഷൻ പദ്ധതി- സമയബന്ധിതമായി പൂർത്തിയാക്കണം | 1-29 |
| | **ഭാഗം 4** **പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 42 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 15.5.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 & 15.06.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1227(68)/2019 തീയതി 14.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,01,24,901 |
| വരവ് | 7,87,74,164 |
| ആകെ | 9,88,99,065 |
| ചെലവ് | 8,14,24,642 |
| നീക്കിയിരിപ്പ് | 1,74,74,423 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 1,41,75,029 | 1,41,75,029 | 1,32,13,703 | 9,61,326 | 0 |
| വികസനഫണ്ട്- എസ്.സി.പി. | 0 | 73,32,000 | 73,32,000 | 67,95,348 | 5,36,652 | 0 |
| വികസനഫണ്ട് – | 0 | 73,000 | 73,000 | 0 | 73,000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | | |
| സംരക്ഷണഗ്രാന്റ്-റോഡ് | | 0 | 67,71,000 | 67,71,000 | 16,29,447 | 51,41,553 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | | 0 | 31,42,000 | 31,42,000 | 31,41,939 | 61 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 66,13,000 | 66,13,000 | 30,29,750 | 35,83,250 | 0 |
| ലോകബാങ്ക് ധനസഹായം | | 0 | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 985 | 40 | 1025 | 0 | 0 | 1025 |
| ദുരിദാശ്വാസനിധി | | 6968 | 112 | 7080 | 5500 | 0 | 1580 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിൽകൂലി | 2988 | 704865 | 707853 | 706392 | 0 | 1461 |
| | അഡ്മിനിസ്ട്രേഷൻ ചെലവ് | 0 | 25341883 | 25341883 | 25341883 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം | | 780018 | 526775 | 1306793 | 441542 | 0 | 865251 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 3386136 | 8970911 | 12357047 | 8181815 | 0 | 4175232 |
| | ജില്ലാ പഞ്ചായത്ത് | 10220000 | 1286900 | 11506900 | 8006565 | 0 | 3500335 |
| ബി ഫണ്ട് | | 0 | 45019320 | 45019320 | 45019320 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10802011 | 15182889 | 25984900 | 19142965 | 0 | 6841935 |
| | ട്രഷറി അക്കൗണ്ട് | 371853 | 11480127 | 11851980 | 10847216 | 0 | 1004764 |
| മറ്റിനം-റർബൻ മിഷൻ | | 5928861 | 8151539 | 14080400 | 13975550 | 0 | 104850 |
| ബഡ്സ് സ്കൂൾ-എസ്.ബി.ടി. | | 20039 | 33319 | 53358 | 53358 | 0 | 0 |
| ബഡ്സ് സ്കൂൾ-യൂണിയൻ ബാങ്ക് | | 554 | 341899 | 342453 | 314602 | 0 | 27851 |
| ബഡ്സ് സ്കൂൾ-കുന്നുകര എസ്.സി.ബി | | 1352002 | 54621 | 1406623 | 0 | 0 | 1406623 |
| VPFA 6 | | 500 | 0 | 500 | 0 | 0 | 500 |
| VPFA 7 | | 11178 | 0 | 11178 | 0 | 0 | 11178 |

***** ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 74886771 | 71 | 39025683 | 1 | 59 | 54 % |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>**

ഇല്ല

.

# 1-7 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2988 | 704865 | 707853 | 706392 | 1461 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 25341883 | 25341883 | 25341883 | 0 |
| ആകെ | 2988 | 26046748 | 26049736 | 26048275 | 1461 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36120 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 8568800 | 660 |
| വിധവാപെൻഷൻ | 10805900 | 804 |
| വാർദ്ധക്യകാലപെൻഷൻ | 20963800 | 1807 |
| വികലാംഗപെൻഷൻ | 3873200 | 307 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 681500 | 56 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 29.08.2019 3.45 പി.എം ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 53,615/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചു പോരുന്നു.
2. വാങ്ങലുകൾക്കായി വ്യാപകമായ പത്രപ്പരസ്യം നല്കുന്നില്ല. കമ്പ്യൂട്ടറുകളുടെ വാങ്ങലുകൾക്കായി ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്.
3. മരാമത്തു പണികളിൽ മത്സരാധിഷ്ഠിതമായി ടെണ്ടർ ലഭിയ്ക്കുന്നില്ല.
4. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. u/a രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
6. സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
7. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല. മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.2019 | ജൂൺ 2019 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.12.2009 | 2004-05 മുതൽ 2008-09 വരെ | 07.01.2010 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ഓഡിറ്റ് സാക്ഷ്യപത്രത്തോടൊപ്പം ചേർത്തിട്ടുണ്ട്.

# 1-13 വസ്തു നികുതി-അപാകത

1. 2017-18 വാർഷിക ധനകാര്യ പത്രിക ഷെഡ്യൾ ബി-15പ്രകാരം റസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ ലഭിയ്ക്കാനുണ്ടായിരുന്ന 418128/ രൂപയും നോൺറസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ ലഭിയ്ക്കാനുണ്ടായിരുന്ന 171378/-രൂപയും കൂടി ആകെ 589506/- രൂപ ലഭിയ്ക്കാനുണ്ടായിരുന്നു. 2018-19 ഷെഡ്യൂൾ RP-43 പ്രകാരം റസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 238649/-രൂപയും നോൺറസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 86446/- രൂപയും കൂടി ആകെ 325095/- രൂപയാണ് ലഭിച്ചിട്ടുള്ളത്. 2018-19വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-18-പ്രകാരം പ്രയർ പീരീയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 159170/-രൂപയും നോൺറസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 77170/-രൂപയും എഴുതിതള്ളിയതായി കാണുന്നു. ഇത്തരത്തിൽ നികുതി എഴുതിതള്ളിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക വസ്തുനികുതിയുടെ കാര്യത്തിൽ സഞ്ചയ പ്രകാരമുള്ള കുടിശ്ശികയുമായി പൊരുത്തപ്പെടുത്തുന്നതിനായാണ് ഇത്തരത്തിൽ നികുതി എഴുതിതള്ളിയിട്ടുള്ളതെങ്കിൽ ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് വ്യതാസം സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും സാംഖ്യ- സഞ്ചയ റികൺസിലേഷൻ തയ്യാറാക്കി നൽകേണ്ടതുമാണ്.

2. കൂടാതെ തൻവർഷ വസ്തു നികുതി വരുമാനം സഞ്ചയ DCB സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള DCB യും തമ്മിൽ പൊരുത്തപെടുന്നില്ല. വ്യത്യാസത്തിനുള്ള വിശദീകരണം നൽകേണ്ടതാണ്.

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം | റസിഡെൻഷ്യൽ | 1988234 | 1903343 | 0 |
| | നോൺറസിഡെൻഷ്യൽ | 2915457 | 2901846 | 0 |
| | ആകെ | 4903691 | 4805189 | |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | റസിഡെൻഷ്യൽ | 2008614 | 1996846 | 0 |
| | നോൺറസിഡെൻഷ്യൽ | 2805983 | 2805983 | 0 |
| | ആകെ | 4814597 | 4802829 | |

സഞ്ചയ പ്യൂരിഫിക്കേഷൻ പൂർത്തിയായ സ്ഥിതിയ്ക്ക് തൻവർഷ സഞ്ചയ വസ്തു നികുതി ഡിമാന്റും തൻവർഷ സാംഖ്യാ വസ്തുനികുതി ഡിമാന്റും ഒന്നുതന്നെയായിരിക്കേണ്ടതാണ്. എന്നാൽ ഡിമാന്റിൽ വ്യത്യാസം ഉള്ളതിനാൽ റികൺസിലേഷൻ തയ്യാറാക്കി വിശദീകരണം നൽകേണ്ടതാണ്.

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ ഡിമാന്റിൽ കുറവുവന്നതുമൂലമാണ് I-18-പ്രകാരം പ്രയർ പീരീയഡ് ഐറ്റംസ് എന്ന ഹെഡിൽ തുക കുറവ് ചെയ്തിരിക്കുന്നത് എന്നതാണ്. അങ്ങിനെയെങ്കിൽ ഡിമാന്റിൽ വന്ന കുറവ് കെട്ടിടങ്ങളുടെ ലിസ്റ്റ് സഹിതം ലഭ്യമാക്കേണ്ടതാണ്.

# 1-14 ജീവനക്കാരുടെ തൊഴിൽ നികുതി- അപാകതകൾ

1. സ്ഥാപന മേധാവികൾ സമർപ്പിയ്ക്കുന്ന ലിസ്റ്റുകളിൽ എല്ലാ വരുമാനവും രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര/ താൽക്കാലിക/ ദിവസ/ കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപന ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റ പേര്/തരം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | കോമ്പാറ | 10 |
| 2 | 2 | ശ്രീ എന്റർപ്രൈസസ് | 10 |
| 3 | 3 | മനസ്വിനി, സ്റ്റിച്ചിങ്ങ് യൂണിറ്റ് | 10 |
| 4 | 8 | കോൺക്രീറ്റ് ഇഷ്ടിക നിർമ്മാണം | 4 |
| 5 | 11 | ഹെർബാബിറ്റ (പി) ലിമിറ്റഡ് | 14 |
| 6 | 12 | യൂണിയൻ പെട്രോളിയം | 8 |
| 7 | 15 | ഡിസയർ പാക്കേജിങ്ങ് | 10 |
| 8 | 23 | ഹോളോ ബ്രിക്സ് നിർമ്മാണം | 4 |
| 9 | 24 | ഹോളോ ബ്രിക്സ് നിർമ്മാണം | 4 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 10 | 30 | കൊച്ചിൻ സ്പ്ലിന്റ്സ് | 9 |
| 11 | 31 | പ്രിയ ഇന്റീരിയർ | 6 |
| 12 | 48 | സ്പീഡ് സ്പോർട്സ് വിയർ | 5 |
| 13 | 44 | ഐസ് പ്ലാന്റ് | 4 |
| 14 | 45 | ഐസ് പ്ലാന്റ് | 4 |
| 15 | 46 | ഐസ് പ്ലാന്റ് | 4 |
| 16 | 70 | പ്ലാസ്റ്റിക് ഗ്രന്യൂൾ വ്യാപാരം | 8 |
| 17 | 71 | ” | 8 |
| 18 | 83 | കറിപൗഡർ നിർമ്മാണം | 9 |
| 19 | 143 | സൂപ്പർ മാർക്കറ്റ് | 2 |
| 20 | 163 | സിമന്റുകട്ട നിർമ്മാണം | 4 |
| 21 | 181 | പ്ലൈവുഡ് വിൽപന | 7 |
| 22 | 318 | മൽസ്യ സംസ്കരണം | 5 |

ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3. <u>പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ന്യൂ ഇൻഡ്യ ഇൻഷൂറൻസ്, ചുങ്കം |
| 2 | ഖാദി ബോർഡ് വിൽപന കേന്ദ്രം, കുന്നകര |
| 3 | അയിരൂർ ക്ഷീരോൽപാദക സംഘം |
| 4 | സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുറ്റിപുഴ |

ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

# 1-15 സ്ഥാപന തൊഴിൽ നികുതി-അപാകതകൾ

1. ട്രേഡേഴ്സിന്റെ സ്ഥാപനലിസ്റ്റും ഇൻസ്റ്റിറ്റ്യൂഷനുകളുടെ സ്ഥാപനലിസ്റ്റും പ്രത്യേകം സൂക്ഷിച്ച് അതു പ്രകാരം സ്ഥാപനതൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം സ്ഥാപനതൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ ഡിമാന്റ് കൃത്യതയും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടച്ചിട്ടുണ്ട് എന്നും ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.
2. 2018-19 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിയിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ന്യൂ ഇൻഡ്യ ഇൻഷ്വറൻസ്, ചുങ്കം |
| 2 | ഖാദി ബോർഡ് വിൽപന കേന്ദ്രം, കുന്നുകര |
| 3 | അയിരൂർ ക്ഷീരോൽപാദക സംഘം |

ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ഓഫീസ്, റേഷൻ കടകൾ, കള്ള് ഷോപ്പുകൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ മറ്റു സേവന സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 18 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതിരുന്നതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

# 1-16 ലൈസൻസ് ഫീ-അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) എല്ലാ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, മൂലധന നിക്ഷേപം/ യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(3) 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്കു നൽകിയിരിക്കുന്ന താഴെ ചേർത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. |
|---|---|
| 1 | 10/216 |
| 2 | 10/217 |
| 3 | 10/222 |
| 4 | 10/223 |
| 5 | 10/224 |
| 6 | 10/225 |
| 7 | 10/226 |
| 8 | 10/227 |
| 9 | 10/231A |
| 10 | 10/231B |
| 11 | 10/231C1 |

| | |
|---|---|
| 12 | 10/231C2 |
| 13 | 10/231C3 |
| 14 | 10/231D2 |
| 15 | 10/231E |
| 16 | 10/196 |
| 17 | 10/197 |
| 18 | 10/199A |

ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് പിരിക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(4) പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ലൈസൻസ് എടുക്കുന്ന സ്ഥാപങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. 2018-19 വർഷം ആകെ 348 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഡ് തിരിച്ച് വിവിധ ഉപയോഗക്രമ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണത്തിന്റെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടങ്ങളുടെ തരം | |
|---|---|---|
| 1 | വാണിജ്യ ആവശ്യം (100 ച മീറ്റർ വരെ വിസ്തീർണ്ണം) | 850 |
| 2 | വാണിജ്യ ആവശ്യം (100 ച മീറ്റർ മുകളിൽ വിസ്തീർണ്ണം) | 143 |
| 3 | വാണിജ്യ ആവശ്യം (200 ച മീറ്റർ വരെ വിസ്തീർണ്ണം) | 8 |
| 4 | വാണിജ്യ ആവശ്യം(100 ച മീറ്റർ മുകളിൽ വിസ്തീർണ്ണം) | 16 |
| 5 | വാണിജ്യ ആവശ്യം (ബങ്കുകൾ, പെട്ടിക്കടകൾ) | 57 |
| 6 | വ്യവസായം (കൈത്തറി ഷെഡ്) വ്യവസായം | 32 |
| 7 | ഇതര വ്യവസായം | 96 |
| | **ആകെ** | **1202** |

2018-19 വർഷം ആകെ 348 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

(5) അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഖണ്ഡിക (3), (4) -ൽ നിന്നും ഗ്രാമപഞ്ചായത്തിൽ അനേകം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ

പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 1-17 ലൈസൻസ് ഫീ-മൂലധന നിക്ഷേപം കണക്കാക്കുന്നത് സംബന്ധിച്ച്

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 27.3.2018 ലെ 1/1നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയുടെ വിയോജനത്തിനും അഡ്വക്കേറ്റിന്റെ നിയമോപദേശത്തിനും വിരുദ്ധമായി മൈക്രോ സ്ഥാപനങ്ങൾക്ക് മുൻവർഷത്തിൽ അടച്ച ഫീസിനേക്കാൾ 100/-രൂപ കൂട്ടി മാത്രം ഈടാക്കുന്നതിനായി തീരുമാനിച്ചതായി കാണുന്നു. കൃത്യമായ മാനദണ്ഡമോ, ബൈലോയോ ഇല്ലാതെ മുൻവർഷ ഫീസിനെക്കാൾ 100/- രൂപ കൂടുതൽ എന്ന തോതിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള തീരുമാനം അശാസ്ത്രീയവും യുക്തിക്ക് നിരക്കാത്തതുമാണ്. എത്രയും വേഗം കൃത്യമായ മാനദണ്ഡം നിശ്ചയിച്ച് മൈക്രോസ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കൂടാതെ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിക്കുന്നതിന് മൂലധന നിക്ഷേപം കണക്കാക്കുന്നത് ഫീൽഡ് തല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. തികച്ചും സാങ്കേതികവും സാമ്പത്തികവുമായ അറിവ് ആവശ്യമുള്ള ഈ നടപടി ഫീൽഡ് സ്റ്റാഫിനെ ഏൽപ്പിക്കുന്നതിനാൽ കൃത്യമായ വിവരം ലഭിയ്ക്കാൻ സാധ്യതയില്ല. ഇതിന് കൃത്യമായ

മാനദണ്ഡം നിശ്ചയിച്ച് യോഗ്യരായവരുടേയോ, പൊല്യൂഷൻ കൺട്രോൾ ബോർഡ് മുതലായവയുടെ സാക്ഷ്യ പത്രത്തിന്റേയോ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

(എ) 2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ Proj No116/19 – Operating System Purchase എന്ന പദ്ധതിയിൽ കെൽട്രോണിൽ നിന്നും നേരിട്ട് ഓപറേറ്റിംഗ് സിസ്റ്റം വാങ്ങിയിരിക്കുന്നു. Invoice No.P/0143/18-19/20.03.2019,vr No.21801566/31.03.19, 93200/-രൂപ.

GO(P)/1/2006/SPD/തീ 02.02.06 പ്രകാരം കെൽട്രോൺ നിർമ്മിക്കാത്തവയുടെ വാങ്ങൽ നടത്തുമ്പോൾ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. മാത്രമല്ല സ.ഉ.(എം.എസ്)നം.24/17 ഐ.റ്റി.ഡി/18.11.2017 ശുപാർശ പ്രകാരമുള്ള ഓൺലൈൻ പോർട്ടൽ സംവിധാനം ഉപയുക്തമാക്കാനും ഭാവിയിൽ ശ്രമിക്കേണ്ടതാണ്.

(ബി) 2018-19 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ 121/19- ലൈബ്രറിക്ക് അനുബന്ധ ഉപകരണങ്ങൾ എന്ന പ്രോജക്ടിൽ മാറ്റം വരുത്തി പുസ്തകങ്ങൾ വാങ്ങുന്നതിനുപകരമായി പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06.01.2018 ലെ സ.ഉ(സാധാ)97/18 പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 23860/- രൂപയേ ചെലവഴിക്കാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ 39500/- രൂപ (ബിൽ നം.18/17.06.19) പ്രകാരം ചെലവഴിക്കുകയും ആയതിന് പഞ്ചായത്ത് കമ്മിറ്റി 19.08.19 ൽ അംഗീകാരം നൽകുകയും ചെയ്തു. അധികം നൽകിയ 15640/- രൂപ തടസത്തിൽ വയ്ക്കുന്നു. സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെടുന്നു.

| ക്രമ നം./ പ്രോജക്ട്നം. | പ്രോജക്ട് / അടങ്കൽ | ഗുണഭോക്താവ്/ നല്കിയ തുക | ചെലവുവിവരം | അപാകത |
|---|---|---|---|---|
| 1.project no.5/19 | വിവാഹ ധനസഹായം /600000 | കാർത്തിക സി.കെ,ചെന്നറ വയൽകര 75000/- | ബിൽനം.57/18-19/8.3.19 | പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള ആനുകൂല്യം ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | | എന്നതിനുള്ള രേഖകൾ ലഭ്യമല്ല. |
| 2.project no.86/18- | സ്കോളർഷിപ്പ് വിതരണം/500000 | ജിൻഷ രവി, അമ്മണത്തുപള്ളം -25000/- സാന്ദ്ര സി.എസ്, ചാമക്കാല ഹൗസ്-20000/- ആതിര വി.എ,, വെളിയത്തുകാട് -20000/- കൃഷ്ണേന്ദു, കാരയ്ക്കാതുരുത്ത്-20000/- ശീതൾ, കാരയ്ക്കാതുരുത്ത്-20000/- | ബിൽനം.20/18-19/19.11.18 ബിൽനം.20/18-19/19.11.18ബിൽനം.20/18-19/19.11.18ബിൽനം.21/18-19/19.11.18ബിൽനം.21/18-19/19.11.18 | “ |
| 3.project no.71/18 | ലാപ് ടൊപ്പ് വിതരണം/450000 | കാവ്യ, ഐക്കരേത്ത് വിഷ്ണുലാൽ, തേവലത്തി സജിനി, ദൈവത്തിങ്കൽ പറമ്പ് | ബിൽനം.71/18-19/19.11.18 | “ |
| 4.project no.88/18 | വിദേശജോലിക്ക ധനസഹായം/ 150000 | ഗോകുൽ പി.ആർ, പെരിയപ്പാടം-100000/- | ബിൽനം.28/18-19/19.12.18 | “ |
| 5.project no.71/18- | ലാപ് ടോപ്പ്/ 450000 വിതരണം | ദിൽജിത്ത്, വേട്ടാണത്ത് ക്രിഷ്ണപ്രസാദ്, അമ്മണത്തുപള്ളം ശ്രീജിത്ത്, അമ്മണത്തുപള്ളം 75,000/- | ബിൽനം.50/18-19/06.02.19 | UNIVERSITY REGISTRATION DETAILS ലഭ്യമല്ല |
| | ആകെ | 3,55,000/- | | |

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല - രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. 335000/- രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു.

# 1-20 മരുന്ന് മുഴുവനും ലഭിച്ചില്ല

(എ) ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് 5,00,000/-രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകിയിരിക്കുകയാണ്. എന്നാൽ മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴവൻ മരുന്നും ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല.

| തുക നൽകിയതിന്റെ വിശദാംശങ്ങൾ | | | ലഭ്യമായ മരുന്നിന്റെ വില | |
|---|---|---|---|---|
| പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | തുക | ഇൻവോയ്സ് നം, തീയതി | തുക |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| S.19/18-19 ആയുർവേദ ആസ്പത്രിയിലേക്ക് മരുന്ന് വാങ്ങൽ | 50/16.01.2019 | 5,00,000 | 90100091/31.01.19 | 83647 |
| | | | 90105622/28.02.19 | 61601 |
| | | | 90111415/31.03.19 | 168697 |
| | | | 90112494/08.05.19 | 69228 |
| | | | 90114995/30.05.19 | 26212 |
| | | | | 409385 |

ലഭിക്കുവാൻ ബാക്കിയുള്ള 90615/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

(ബി) ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് ഹോംകോ, ആലപ്പുഴയ്ക്ക് 4,00,000/- രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകിയിരിക്കുകയാണ്. എന്നാൽ മുൻകൂർ നൽകിയ തുകക്കുള്ള മുഴുവൻ മരുന്നും ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല.

| തുക നൽകിയതിന്റെ വിശദാംശങ്ങൾ | | | ലഭ്യമായ മരുന്നിന്റെ വില | |
|---|---|---|---|---|
| പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | തുക | ഇൻവോയ്സ് നം, തീയതി | തുക |
| S.20/18-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 01/28.10.2018 | 4,00,000 | LF 1818/ 29.03.19 | 118174 |

ലഭിക്കുവാൻ ബാക്കിയുള്ള 281826/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

# 1-21 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം | 3/19 |
| പ്രോജക്റ്റ് പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 2200000/- |
| ചെലവ് | 1841542/- |

1. മേൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്കണവാടികളിലേക്ക് എൽ പി ജി സിലണ്ടറുകൾ വാങ്ങുന്നതിനായി വിവിധ ബില്ലുകൾ പ്രകാരം 29488/-രൂപ ചെലവഴിച്ചതായി കാണുന്നു. സബ്സിഡി തുക ഒഴിവാക്കാതെ ഗ്യാസ് ഏജൻസികളുടെ

ബിൽ പ്രകാരം മുഴുവൻ തുകയും അനുവദിച്ചതായി കാണുന്നു. അങ്കണവാടികൾക്ക് (നോൺ ഡൊമസ്റ്റിക് എക്സംപ്റ്റഡ് കാറ്റഗറി എന്ന ഇനത്തിൽ) എൽ പി ജി സിലണ്ടറുകൾ സബ്സിഡി നിരക്കിൽ അനുവദനീയമാണെങ്കിലും സബ്സിഡി ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായ സബ്സിഡി ലഭിയ്ക്കാതിരിക്കുന്നത് അധിക ചെലവിന് ഇടയാക്കുന്നതിനാൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ നടപടികളിലൂടെ അങ്കണവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വിതരണം നടത്തുന്നതിനായി 3.5/kg നിരക്കിൽ കരാർ ഏൽപ്പിച്ചിട്ടുള്ളതായി കാണുന്നു. സർക്കാർ ഉത്തരവ് ജി ഒ (ആർ.ടി)883/2011/തസ്വഭവ. തീ 20.03.11പ്രകാരം ഇതിനുള്ളനിരക്ക് 0.50/kg യായി നിശ്ചയിച്ചിട്ടുള്ളതും ഈ നിരക്കിൽ വിതരണം നടത്താൻ കഴിയാത്ത പക്ഷം മാത്രം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് അനുവദിക്കാവുന്നതുമാണ്. മറ്റു പഞ്ചായത്തുകളിൽ ഭക്ഷണ സാധനങ്ങൾ വിതരണം നടത്തുന്നതിനായുള്ള നിരക്കുമായി താരതമ്യം ചെയ്താൽ ഇത് കൂടുതലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ നിരക്ക് അനുവദിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

# 1-22 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം | 82/19 |
| പ്രോജക്ട് പേര് | പാലിന് സബ്സിഡി |
| അടങ്കൽ | 455550/- |
| ചെലവ് | 455550/- |
| ബിൽ നം<br>ചെക്ക് നം. | 1/2018-19 തീ.15.01.19 – 350000/-<br>1925961 തീ.07.02.2019 -105500/- |

കുന്നുകര പഞ്ചായത്തിലെ ക്ഷീര സഹകരണസംഘങ്ങളിൽ ഏപ്രിൽ മാസം മുതൽ പാൽ അളക്കുന്ന ഗുണഭോക്താക്കൾക്ക് ലിറ്ററിന് 4/-രൂപ നിരക്കിൽ 40000/-രൂപയിൽ അധികരിക്കാതെ ധനസഹായം നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടപ്പിലാക്കിയപ്പോൾ ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെ മാത്രം പാൽ അളന്ന ഗുണഭോക്താക്കൾക്ക് മാത്രമാണ് 4/-രൂപ നിരക്കിൽ ധനസഹായം നൽകിയിരിക്കുന്നത്. 170 പേരുടെ ഗുണഭോക്തൃ പട്ടികയിൽ നിന്ന് പദ്ധതി വിഹിതം 138 പേർക്കും ജില്ലാപഞ്ചായത്ത് വിഹിതം മേൽ 138 പേരിൽ 125 പേർക്കുമാണ് നൽകിയത്. ബിൽ

തീയതി 15-01-2019 ആയതിനാൽ ഡിസംബർ മാസം വരെയെങ്കിലും പാൽ അളന്ന എല്ലാവർക്കും ധനസഹായം ലഭിയ്ക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതായിരുന്നു. പദ്ധതി വിഹിതം അപര്യാപ്തമാണ്. സാമ്പത്തിക വർഷം മൊത്തം അളന്ന പാലിന്റെ അളവിനനുസരിച്ച് കുറഞ്ഞ നിരക്കിൽ എല്ലാവർക്കും ധനസഹായം ലഭ്യമാക്കാവുന്നതായിരുന്നു. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ചില ഗുണഭോക്താക്കൾക്ക് കൂടിയ ധനസഹായം ലഭിയ്ക്കാനിടയാകുന്നു. ഉദാഹരണത്തിന് ശ്രീ പോൾസൺ ടി ഡി എന്ന ഗുണഭോക്താവിന് ഈ കാലയളവിലെ (മൂന്നുമാസത്തെ) പാൽ അളവിന് മാത്രം പരമാവധി തുകയായ 40000/- രൂപയ്ക്കടുത്ത് 37680/- രൂപ ലഭിച്ചു. കൂടാതെ ജൂൺ മാസത്തിന് ശേഷമുള്ള കാലയളവിൽ പാൽ അളന്നവർക്ക് സഹായം ലഭിയ്ക്കുകയും ചെയ്തില്ല.

അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ തുടർ വർഷങ്ങളിൽ പരമാവധി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിയ്ക്കുന്ന വിധം പദ്ധതി നടപ്പാക്കാം എന്നറിയിച്ചു. ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനായിട്ടുള്ള ഇത്തരം പദ്ധതികൾ പരമാവധി ഗുണഭോക്താക്കൾക്കും അതിന്റെ ഗുണം ലഭിക്കുന്ന രീതിയിൽ അടങ്കൽ തുകക്കനുസരിച്ച് സബ്സിഡി നിരക്കും പരമാവധി ധനസഹായവും നിശ്ചയിച്ച് കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-23 വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന

കുന്നുകര ഗ്രാമ പഞ്ചായത്തിൽ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. പൊതുടാപ്പുകളുടെ വാട്ടർചാർജ്ജിനത്തിൽ 2015 -ന ശേഷം 813/- രൂപ നിരക്കിൽ പ്രതിമാസം അധികം ചെലവ് സംഭവിക്കുന്നുണ്ട്. ആയതിനാൽ വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനു അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

.

# 1-24 സാക്ഷരതാ മിഷന് കൈമാറിയ തുക- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പത്താംതരം/പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ |
| പ്രോജക്ട് നം | 139/19 |
| അടങ്കൽ | 60000/- |
| ചെലവ് | 59500/- |
| ചെക്ക്നമ്പർ/ തീയതി | 2650937 23.02.2019 |
| വൗച്ചർ നം. | 21801107 23.02.19 |

പത്താം തരം, പന്ത്രണ്ടാം തരം തുല്യതാ പരീക്ഷയ്ക്കായി ആകെ 59500/-രൂപ സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. തുക കൈമാറിയതല്ലാതെ, ഇത്രയും പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. അടച്ച ഫീസിനാനുപാതികമായ എണ്ണം പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-25 വികലാംഗർക്ക് ഉപകരണ വിതരണം- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പേര് | എസ്.17/18-19 |
| പ്രോജക്ടിന്റെ പേര് | വികലാംഗർക്ക് ഉപകരണ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ചെലവഴിച്ച തുക | 12480/- (ബിൽ നം 10/29.12.2018), 377020/- (ബിൽ നം 18/26.02.2019), 15290/- (ബിൽ നം 23/27.03.2019) ആകെ 404790/-രൂപ |

വികലാംഗർക്ക് ഉപകരണം വിതരണം ചെയ്യുന്നതിനുള്ള ഈ പദ്ധതി തുടർച്ചയായി എല്ലാ വർഷങ്ങളിലും പഞ്ചായത്തിൽ നടത്തിവരുന്നുണ്ട്. ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തുന്നതിനും ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനുമാണ് മേൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. 2017-18 വർഷത്തിൽ ഈ പദ്ധതിക്ക് 325970/-രൂപ ചെലവഴിച്ചിരുന്നു. 2019-20 ലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പഞ്ചായത്തിലെ ഭിന്നശേഷിയുള്ളവരുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുകയോ മുൻ വർഷങ്ങളിൽ ഉപകരണങ്ങൾ കൈപ്പറ്റിയവരുടെ നിജസ്ഥിതി പരിശോധിക്കാതെയുമാണ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ആവശ്യകതാ നിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത, അർഹരായ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ഉപകരണങ്ങൾ വാങ്ങുവാൻ കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ (നം. PR 68/18-19 തീയതി 14.02.19) അടിസ്ഥാനത്തിൽ 3,77,020/- രൂപ മുൻകൂർ നൽകി. തുടർന്ന് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ചേർത്തിരിക്കുന്നത് ഈ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ്. ഒറിജിനൽ ഇൻവോയ്സ് ഫയലില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. 02/21.08.19). പ്രൊഫോർമ ഇൻവോയ്സ് തന്നെ യഥാർത്ഥ ഇൻവോയ്സ് ആയി കണക്കാക്കാമെന്ന് കെൽട്രോൺ അറിയിച്ചതായാണ് ഇതിനു മറുപടി നൽകിയത്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്.

# 1-26 ചൈതന്യ മഹിളാ സമാജം കെട്ടിടം പുതുക്കി പണിയലും ചുറ്റുമതിൽ നിർമ്മാണവും- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | SO.100- ചൈതന്യ മഹിളാ സമാജം കെട്ടിടം പുതുക്കി പണിയലും ചുറ്റുമതിൽ നിർമ്മാണവും. |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ അടങ്കൽ | 15,04,000/- (എസ്.സി.പി ഫണ്ട്) |
| ചെലവ് (2018-19) | 1,98,039/- (ബിൽ നം 03/22.05.18 ) |
| കരാറുകാരൻ | കെ വി അബ്ദുൾ റഹ്മാൻ |

കുന്നുകര ഗ്രാമപഞ്ചായത്തിലെ 15ാം വാർഡിലെ ചൈതന്യ മഹിളാ സമാജം കെട്ടിടം പുതുക്കി പണിയലും ചുറ്റുമതിൽ നിർമ്മാണവും നടത്തുന്നതിനുള്ള പദ്ധതിയാണിത്. നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് ഒരു ഹാൾ, രണ്ട് ശുചിമുറികൾ എന്നിവ നിർമ്മിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്.സി.പി വിഹിതമുപയോഗിച്ച് 15,04,000/- രൂപ അടങ്കലിൽ 2017-18ൽ അംഗീകാരം നേടിയ പദ്ധതിയാണെങ്കിലും (പ്രോജക്ട് നം 54/17-18) 2017-18 ൽ തുകയൊന്നും ചെലവഴിച്ചില്ല. 2018-19 ൽ സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം നേടിയെങ്കിലും (പ്രോജക്ട് നം SO.100/18-19) പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം എന്താവശ്യത്തിനാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് പ്രോജക്ട് തയ്യാറാക്കുന്ന വേളയിൽ തീരുമാനിച്ചതായി കാണുന്നില്ല. 1995 ൽ ബ്ലോക്ക് പഞ്ചായത്ത് പട്ടിക വിഭാഗത്തിന് വേണ്ടി നിർമ്മിച്ചിട്ടുള്ളതും പട്ടികജാതി വനിതകൾ മാത്രം ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ മെയിന്റനൻസ് പട്ടികജാതി ഫണ്ട് ഉപയോഗിച്ച്

നടപ്പാക്കാവുന്നതാണെന്ന ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ പറയുന്നതല്ലാതെ കെട്ടിടത്തിൽ എന്ത് സംരംഭം തുടങ്ങാനാണുദ്ദേശിക്കുന്നതെന്ന് പ്രോജക്റ്റ് റിപ്പോർട്ടിൽ പറയുന്നില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം. 10/30.08.19)

1. കെട്ടിട നിർമ്മാണ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട് (6.6-4). എന്നാൽ എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുവേണ്ടിയുള്ള തുക വകയിരുത്തിയിട്ടില്ല.

2. സ്പിൽ ഓവർ പ്രോജക്റ്റുകൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. (16.03.2018 ൽ കരാറിലേർപ്പെട്ട് സൈറ്റ് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. 11.11.2017 ലെ LSGD/17-18/45655 നം സാങ്കേതികാനുമതി ഉത്തരവ് പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനുള്ള ഒരു പദ്ധതിക്ക് അംഗീകാരം നേടി സാങ്കേതികാനുമതി നേടിയിട്ടുണ്ടെന്നും പ്രവൃത്തി ഉടൻ തുടങ്ങുമെന്നും, സിവിൽ വർക്കുകൾ പൂർത്തീകരിച്ചതായും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നു.

2018 ലെ പ്രളയത്തിൽ പൂർണ്ണമായും വെള്ളം കയറി മുങ്ങിയ കെട്ടിടമാണിത്. 2019 ൽ ജനൽപൊക്കം വരെ വെള്ളം കയറുകയും കെട്ടിടത്തിനകമാകെ ചെളിമൂടി കിടക്കുന്നതായുമാണ് സ്ഥലപരിശോധനയിൽ കണ്ടത്. ഇത്തരമൊരു സ്ഥലത്ത് യാതൊരു ലക്ഷ്യവുമില്ലാതെ കെട്ടിട നിർമ്മാണത്തിന് തുക ചെലവഴിച്ചിരിക്കുകയാണ്. മേഖലാടിസ്ഥാനത്തിലുള്ള ഫണ്ടുകൾ ചെലവഴിക്കാനായി മാത്രം ഇപ്രകാരം കെട്ടിടങ്ങൾ പണിയുന്നത് സാമ്പത്തിക അച്ചടക്കത്തിന് വിരുദ്ധമാണ്. ഈ കെട്ടിടം നിഷ്ക്രിയാസ്തിയായിത്തീരാതെ, വനിതാ നൈപുണ്യവികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-27 കുരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, |

| | |
|---|---|
| | തൊഴിലുറപ്പ് പദ്ധതി, IWMP scheme-Block Panchayath) |

കുന്നുകര ഗ്രാമപഞ്ചായത്തിലെ 9ാം വാർഡിലെ കുരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ മോട്ടോർ ഷെഡ് നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 4,00,000/ രൂപ അടങ്കലിൽ ഒരു പ്രോജക്ടിനും, 25 HP മോട്ടോർ വാങ്ങുന്നതിനും ഇലക്ട്രിഫിക്കേഷനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 4,70,000/-രൂപ അടങ്കലിൽ മറ്റൊരു പ്രോജക്ടിനും 2018-19 വർഷം അനുമതി ലഭിച്ചിരുന്നു. പദ്ധതി പ്രദേശത്ത് ജലസേചന സൗകര്യത്തിനും കിണറുകളിൽ ജലലഭ്യത വർദ്ധിപ്പിക്കുകയുമാണ് പദ്ധതി ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന IWMP (Integrated Water Management Project) ൽ ഉൾപ്പെടുത്തി 25,00,000/- രൂപയും തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 21,54,000/- രൂപയും ഈ പദ്ധതിക്കായി ചെലവഴിക്കുന്നുണ്ട്.

ഈ പദ്ധതി പ്രദേശത്തു നടത്തിയ സ്ഥലപരിശോധനയിൽ മോട്ടോർ ഷെഡിനായി നിർമ്മിച്ച നാലു തൂണുകളുടെ പണിയും ബ്ലോക്ക് പഞ്ചായത്ത് മുഖേന നടത്തിയ പൈപ്പിടുന്ന പ്രവൃത്തിയും മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്നു കണ്ടു.

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിലവിലുള്ള ഒരു കുളം വലുതാക്കി, മാഞ്ഞാലി തോട്ടിൽ നിന്നുള്ള വെള്ളം തോട് നിർമ്മിച്ച് കുളത്തിലേക്കെത്തിക്കുവാനുള്ള പ്രവൃത്തിയൊന്നും നടന്നിട്ടില്ല. മോട്ടോർഷെഡിന്റെ നിർമ്മാണം പൂർത്തിയാവാത്തതിനാൽ മറ്റു പ്രവൃത്തികളും നടന്നിട്ടില്ല. ഓഡിറ്റ് വർഷം ഈ പദ്ധതിക്കായി പഞ്ചായത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവ് വന്നിട്ടില്ല.

നിർദ്ദിഷ്ട മോട്ടോർഷെഡിലേക്ക് എത്തിച്ചേരുവാൻ ഒരു പാടത്തിനു സൈഡിലൂടെ മണ്ണിട്ട് ഉയർത്തി വഴിയുണ്ടാക്കിയിരിക്കുകയാണ്. ഇതിന്റെയും പദ്ധതിപ്രദേശത്തിന്റേയും ഉടമസ്ഥാവകാശം സംബന്ധിച്ച വിവരവും ജലസേചന പദ്ധതിയായതിനാൽ കൃഷി ഓഫീസറിൽ നിന്നുള്ള ആയക്കെട്ട് സർട്ടിഫിക്കറ്റും ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 11/30.08.19). കുരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുകാണുന്നുണ്ട്. കൃഷി ഓഫീസർ നൽകിയിട്ടുള്ള ആയക്കെട്ട് സർട്ടിഫിക്കറ്റ് പ്രകാരം 50 ഏക്കർ കൃഷിസ്ഥലത്തിന് പദ്ധതി പ്രയോജനപ്പെടുമെന്നു പറയുന്നു. വേനലിൽ കർഷകർക്ക് ആവശ്യത്തിന് വെള്ളം ലഭിക്കത്തക്ക വിധം കുളത്തിന്റേയും തോടിന്റേയും പണി പൂർത്തിയാക്കി, മോട്ടോർ സ്ഥാപിച്ച്, ഈ ബൃഹത് പദ്ധതി നാടിന് ഗുണകരമാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-28 മരാമത്ത് പദ്ധതികളിലെ അപാകതകൾ

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാഞ്ഞതിനാൽ പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ ഭൂരിഭാഗം തുകയും ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെടുന്നതിനിടയായി.

എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 64 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 19 പദ്ധതികളിൽ മാത്രമാണ് പഞ്ചായത്തിന് പണം ചെലവഴിക്കാൻ കഴിഞ്ഞത് ഇതുകാരണം തൻ വർഷം വകയിരുത്തിയ 2,00,77,293/- രൂപയിൽ 50,06,601/- രൂപയേ ചെലവഴിക്കാനായി കഴിഞ്ഞുള്ളൂ (വകയിരുത്തിയ തുകയുടെ 24.93% മാത്രം). പദ്ധതിക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് – എസ്.സി.പി | 15,04,000 | 1,98,039 | 13,05,961 | 13.16 % |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 56,77,324 | 14,85,692 | 41,91,632 | 26.16 % |
| തനത്ഫണ്ട് | 21,00,000 | 3,55,745 | 17,44,255 | 12.17 % |
| മെയിന്റനെൻസ് ഗ്രാന്റ് റോഡ് | 78,96,545 | 16,29,447 | 62,67,098 | 20.63 % |
| മെയിന്റനെൻസ് ഗ്രാന്റ് നോൺറോഡ് | 18,99,424 | 13,37,678 | 5,61,746 | 70.4 % |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 10,00,000 | 0 | 10,00,000 | 0 % |
| ആകെ | 2,00,77,293 | 50,06,601 | 1,50,70,692 | 24.93 % |

വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംസ്ഥാനാവിഷ്കൃത ഫണ്ട്, മെയിന്റനെൻസ് ഫണ്ട് (റോഡ് & നോൺ റോഡ്) എന്നിവ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതായതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേക്ക് തിരിച്ച് പോകും. ഇക്കാരണത്താൽ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാതെപോയ 1,50,70,692/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.

നിലവിൽ വാർഷിക പദ്ധതിക്ക് സാമ്പത്തിക വർഷാദ്യം തന്നെ ഡി.പി.സി അംഗീകാരം നൽകുന്നുണ്ട്. എന്നിരിക്കെയാണ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുന്നതിനിടയായത്. അംഗീകാരം നേടിയ മരാമത്ത് പദ്ധതികൾക്ക് യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി ടെൻണ്ടർ ചെയ്ത് കരാറുകാരെ തീരുമാനിച്ച് കരാറിൽ ഏർപ്പെടുന്നതിലും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലും വന്ന കാലതാമസമാണ് പദ്ധതി ചെലവ്

കുറയുന്നതിനിടയാക്കിയത്. തൻ വർഷം അംഗീകാരം ലഭിച്ച 48 പുതിയ പ്രോജക്ടുകളിൽ 12 എണ്ണത്തിൽ മാത്രമേ തൻവർഷം ചെലവ് വന്നിട്ടുള്ളൂ. നിർവ്വഹണഘട്ടത്തിൽ വന്ന മേൽ അപാകതകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിനും മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും കഴിയാതെ പോയതായി ഓഡിറ്റ് വിലയിരുത്തുന്നു.

**ബി) സ്പിൽ ഓവർ പദ്ധതികൾ**

2018-19 ൽ സ്പിൽ ഓവർ പദ്ധതികളായി അംഗീകാരം ലഭിച്ച താഴെ പറയുന്ന പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | കരാർ നം, തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 1 | SO 106/18-19, -തടിക്കൽക്കടവ് -കോവാട്ട് റോഡ് റീടാറിംഗ് | 156000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) | 37/AE/LSGD/KKA/17-18, 16.03.18 | കെ.ഡി. ജോൺസൻ |
| 2 | SO 100/18-19, ചൈതന്യ മഹിളാസമാജം അറ്റകുറ്റപ്പണികൾ | 1504000/- (വികസനഫണ്ട്-എസ്.സി.പി) | 36/AE/LSGD/KKA/17-18, 16.03.18 | കെ.വി അബ്ദുൾ റഹ്മാൻ |
| 3 | SO 114/18-19, മറ്റീരിയൽ ഫെസിലിറ്റേഷൻ സെന്റർ | 1,00,000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 32/AE/LSGD/KKA/17-18, 03.03.18 | കെ.എച്ച് അബൂബക്കർ |
| 4 | SO 105/18-19, ജലസ്രോതസ്സുകളുടേയും കുളങ്ങളുടേയും ശുചീകരണവും നവീകരണവും | 1017324 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 30/AE/LSGD/KKA/17-18, 03.03.18 | പി.എം നൗഷാദ് |
| 5 | SO 111/18-19, JBS ഭജനമഠം റോഡ് വർക്കും കേളങ്കത്ത് കലുങ്ക് നിർമ്മാണവും | 320000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) | 17/AE/LSGD/KKA/17-18, 03.03.18 | ഷാജി എം |
| 6 | SO 109/18-19, കണലിപ്പൗക്കം പള്ളം റോഡ് ടാറിംഗ് | 165000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) | 38/AE/LSGD/KKA/17-18, 16.03.18 | കെ.ഡി. ജോൺസൻ |
| 7 | SO 107/18-19, ഹരിജൻ കോളനി റോഡ് റീ ടാറിംഗം | 360000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) | 32/AE/LSGD/KKA/17-18, 03.03.18 | ഷാജി എം |

സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തിയാക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

**സി) പൊതു അപാകതകൾ**

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, പദ്ധതിയുടെ ആവശ്യകത, ലക്ഷ്യം, പദ്ധതി ചെലവ്, റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്ട് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. ചെറിയ ചെയിനേജുകളിലായി വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ റോഡ് പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കുന്നത് പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. (ജി.ഒ (എം.എസ്)നം.72/2017 തസ്വഭവ തീ.29/03/17 പദ്ധതിമാർഗനിർദ്ദേശങ്ങൾ ഖണ്ഡിക 4-5(1)കാണുക). തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഭൂരിഭാഗം റോഡ് പ്രവൃത്തികളും മേൽപ്പറഞ്ഞവിധമുള്ള ചെറിയ പ്രവൃത്തികളാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റെയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാൻ സാധിക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നതിന് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

എല്ലാ പ്രവത്തികളും ടെണ്ടർ മുഖേന അംഗീകൃത കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചിരിക്കുന്നത്. 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതായി കാണുന്നില്ല. ഒരു പ്രവൃത്തിക്ക് ആകെ ലഭിക്കുന്ന രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും ഒരെണ്ണം അതിൽ കൂടുതൽ നിരക്കിൽ ക്വോട്ട് ചെയ്തവയുമാണ്. തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. വരും വർഷം മുതൽ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 റർബൻ മിഷൻ പദ്ധതി- സമയബന്ധിതമായി പൂർത്തിയാക്കണം

ഗ്രാമ വികസന വകുപ്പ് മുഖേന നടത്തുന്ന നാഷണൽ റർബൻ മിഷൻ പദ്ധതിയിൽ എറണാകുളം ജില്ലയിൽ തെരെഞ്ഞെടുക്കപ്പെട്ട പ്രദേശമാണ് കുന്നുകര - പുത്തൻവേലിക്കര

ക്ലസ്റ്റർ. കേന്ദ്ര ക്യാബിനറ്റ് 16.09.2015 ൽ അംഗീകരിച്ച ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ പദ്ധതിയുടെ ഭാഗമാണിത്. കേരളത്തിൽ നാലു ക്ലസ്റ്ററുകൾക്കു മാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതു വഴി 30 കോടി രൂപ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് (CGF) ഇനത്തിൽ കുന്നുകര-പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കും. പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടിന് (DPR) 03.07.2017 ൽ കൂടിയ നാഷണൽ റർബൻ മിഷൻ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ആകെ 149.80 കോടി അടങ്കൽ വരുന്ന വിവിധ പദ്ധതികളാണ് ഈ ക്ലസ്റ്ററിനു കീഴിൽ നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളത്.

കുന്നുകര ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രധാന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

1. വുമൺ റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ
2. പി.എച്ച്.സി ക്ക് പുതിയ കെട്ടിടം
3. ശ്മശാനം ആധുനികവൽക്കരിക്കൽ
4. ചാലാക്ക, കുന്നുകര എൽ പി സ്കൂളുകളുടെ നവീകരണം, സ്കൂൾ ബസ് വാങ്ങൽ.
5. പകൽ വീട് നിർമ്മാണം.
6. വെളുത്തേടത്തു ചിറ നവീകരണം.
7. ഇ- സാക്ഷരതാ കേന്ദ്രം സ്ഥാപിക്കൽ
8. വയൽക്കരയിൽ പാർക്ക്.
9. തെരുവു വിളക്കുകൾ എൽ.ഇ.ഡി ആക്കൽ.
10. സ്റ്റേഡിയം, കമ്മ്യൂണിറ്റി ഹാൾ, പഞ്ചായത്ത് സ്ഥാപനങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയവ.

കെട്ടിട നിർമ്മാണത്തിന് സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 04.04.2018 ൽ 80,20,000/- രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്. പി.എച്ച്.സി കെട്ടിടത്തിന്റേയും വുമൺ റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റേയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ചാലാക്ക, കുന്നുകര എൽ പി സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങി നൽകി. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെൽ നെ ചുമതലപ്പെടുത്തി. തുടങ്ങിയ പ്രവൃത്തികളാണ് ഇതുവരെ നടന്നിട്ടുള്ളത്. റർബൻ മിഷൻ പദ്ധതി മാർഗ്ഗരേഖക്ക് അനുസൃതമായി കേന്ദ്രഫണ്ട് പാഴാക്കാതെ, സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ്

# പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | - |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 105500 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 105500 | - |
| 3 | ജില്ലാ പഞ്ചായത്ത് | 2018-19 | 725900 | നെൽകൃഷിക്ക് കൂലിച്ചെലവ് | 360565 | 365335 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 48000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 48000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 100000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 240000 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | 140000 | 100000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 117750 | പാലിയേറ്റീവ് പരിചരണം | 116079 | 1671 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | വെള്ളത്തേടൻചിറ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | - | 500000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 952425 | ലൈഫ് മിഷൻ ഭവന പദ്ധതി | 25000 | 927425 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | പ്രളയദുരിതാശ്വാസം | 50000 | - |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | തുക |
|---|---|---|---|---|---|
| ഹാബിറ്റാറ്റ് | പി.എച്ച്.സി കെട്ടിട നിർമ്മാണ് | NEFT | 80,20,000 | 0 | 80,20,000 |
| കേരള ഇലക്ട്രിക്കൽ &അലൈഡ് എഞ്ചിനീയറിംഗ് (കെൽ) | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | ,, | 769200 | 0 | 769200 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്/ തിരിച്ചടവില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,00,000 |
| ആകെ | 1,00,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കുന്നുകര | 25.10.2018 | 1 വർഷം | 50,00,000 | FD No EM/TDR/J/No 369434 |
| 2 | ,, | 26.03.2019 | ,, | 50,00,000 | FD No EM/TDR/J/No 369561 |
| | | **ആകെ** | | **1,00,00,000** | |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 ഖ. 13 | 2003-04 ഖ - 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധിക ചെലവ് 66130/- രൂപ | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |
| 2016-17 ഖ 2-2 | 2016-17 | KSEB യുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | രസീത് നം. 11606500040/ 25.1.2017 പ്രകാരം 2500/- രൂപ അടവാക്കി |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,87,74,164/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,14,24,642/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,70,640/- |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15640 | ശ്രീ.ജയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി |
| 3-2 | 355000 | ശ്രീ.സുനിൽ.പി.എസ്, അസി.സെക്രട്ടറി |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| ഇല്ല | | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി, | സെക്രട്ടറി, കുന്നുകര ഗ്രാമ പഞ്ചായത്ത് | പാത്താടൻ ഹൗസ്, അന്നമനട |
| ശ്രീ.സുനിൽ.പി.എസ്, അസി.സെക്രട്ടറി, | അസി.സെക്രട്ടറി, കുന്നുകര ഗ്രാമ പഞ്ചായത്ത് | പാണ്ടിപ്പിള്ളിൽ ഹൗസ്, റോസ് ഗാർഡൻ, മേയ്ക്കാട് പി.ഒ, നെടുമ്പാശ്ശേരി |

.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1997-98 | എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1999-00 | എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04 |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05 |
| 2002-03(ചെലവ്) | എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11 |
| [illegible] | [illegible] |

| | |
|---|---|
| 2009-10 | എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി11)1908/16 തീയതി 30.11.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി11)1266/17 തീയതി 21.7.2017/ 26.9.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി11)173/19 തീയതി 05.02.2019 |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഫീസ്

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കുന്നുകര ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംഗ്രഹം

1. ഷെഡ്യൂൾ ബി-4 ൽ ഉള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളുടെ നീക്കിയിരിപ്പും ഷെഡ്യൂൾ ബി-17 ൽ ഉള്ള ഇതേ അക്കൗണ്ടുകളുടെ ട്രഷറി പാസ്ബുക്ക് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ഡിമാന്റ്, കളക്ഷൻ, ബാലൻസ് - ലെ ബാലൻസ് തുക AFS ലെ ബി-15 ഷെഡ്യൂളിലെ ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം 2018-19 | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ബി-15 ലെ തുക |
|---|---|---|---|---|
| പ്രോപ്പർട്ടി ടാക്സ് റെസിഡൻഷ്യൽ (അരിയേഴ്സ്) | 418128 | 238649 | 179479 | 123837 |
| പ്രോപ്പർട്ടി ടാക്സ് നോൺ റെസിഡൻഷ്യൽ (അരിയേഴ്സ്) | 171379 | 86446 | 84933 | 34371 |

3. കെട്ടിട വാടകയിനത്തിലെ വരവ് തുകയായ 10,19,737/-രൂപയേക്കാൾ കുറവായിട്ടാണ് ഡിമാന്റ് (10,07,807/-) കാണിച്ചിരിക്കുന്നത്.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **KUNNUKARA** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ‘4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of **KUNNUKARA** Grama Panchayat for the year 2018-19 subject to the observations in the Annexure-2, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of defects

1. The closing balance for joint venture projects vide B-4 schedule is not in tally with the closing balance of TSB accounts for joint venture included in B-17 schedule of AFS.
2. The balances of Property tax- residential and non residential buildings as per the DCB differs with the balances in B-15 schedule.

3. The rent demand – Buildings (₹1007807/-) is less than the actual receipt of the same item (₹1019737/-).

DEPUTY DIRECTOR